**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **25-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽനിന്നും തെറ്റിക്കുഴി (2021-22), പുലിക്കുന്ന് (2021-22), കുരുവിക്കാട് (2022-23), താമരക്കുളം - പുന്നക്കുറ്റി (2023-24) എന്നീ ഗ്രാമങ്ങളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. തെറ്റിക്കുഴി ഗ്രാമത്തിൽ ഭവന പുനരുദ്ധാരണം, റോഡ് നിർമ്മാണം, പൊതുക്കിണറിന്റെ അറ്റകുറ്റപ്പണി, വീടുകളുടെ സംരക്ഷഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. പുലിക്കുന്നിൽ 8 വീടുകളുടെ പുനരുദ്ധാരണം ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്. വീടുകൾക്ക് സംരക്ഷഭിത്തി നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. കുരുവിക്കാട് ഗ്രാമ നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ എൽ.എസ്.ജി.ഡി തയ്യാറാക്കി വരുന്നു. താമരക്കുളം - പുന്നക്കുറ്റി ഗ്രാമത്തിന്റെ നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ